# ചാണക്യപുരി

എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷനിലെ റിസർവേഷൻ കൗണ്ടറിനരികെ ചുറ്റിത്തിരിയുന്ന വെള്ളഷർട്ടുകാരന് എഴുപത്കളിൽ റേറ്റ് ഇരുപത് രൂപയാണ്. അതുവഴി കടന്നുപോകുന്ന ഏതു വണ്ടിയ്ക്കും ബർത്ത് ശരിയാക്കിത്തരും. ക്യൂവിലൊന്നും നിൽക്കാതെ നിസാമുദ്ദീനിലേക്കുള്ള ഓർഡിനറി ടിക്കറ്റ് കയ്യിൽ തരും, ഏത് സ്ളീപ്പർ കോച്ചിൽ കയറണമെന്നുള്ള നിർദ്ദേശം സഹിതം.

ട്രെയിൻ നിർത്തിയാലുടൻ ടി.ടി.യെ പൊതിയുന്ന യാത്രക്കാർക്കിടയിൽ പതുങ്ങി നിന്നാൽ മതി. ടി.ടി നിങ്ങളെ കണ്ടു പിടിച്ചു കൊള്ളും. നൂറു രൂപയും, ടിക്കറ്റും കൂടി അയാളുടെ കയ്യിൽ കൊടുത്താൽ മുപ്പത് രൂപയുടെ രസീതും, ടിക്കറ്റും, നാൽപ്പതുരൂപയും മടക്കിത്തരും. റെയിൽവേബോർഡ് തൽക്കാലിനെപ്പറ്റി ആലോചിക്കാൻ പിന്നെയും എത്രയോ പതിറ്റാണ്ടുകളെടുത്തു.

അൻപതു രൂപ മുടക്കാൻ മനസു വരുന്നില്ലെങ്കിൽ ഒറ്റക്കാലിലും, കാൽ സീറ്റിലും യാത്രയാകാം. ശുഭയാത്രക്കായി ചുവരിലെല്ലാം റെയിൽവേ എന്തെങ്കിലും കുറിച്ച് വച്ചിട്ടുണ്ടാകും.

“ ലെസ് ലഗേജ് മോർ കംഫർട്ട്”
(പരിഭാഷ: ചിന്നസാമാൻ പെരിയസുഖം)
വിദ്ധ്യാ പർവ്വതത്തിനപ്പുറം ടിക്കറ്റോ റിസർവേഷനോ വേണ്ട.
പക്ഷെ തെക്ക് നിർബന്ധം
അപരിചിതർ ആഹാരം തന്ന് മയക്കും
കാശ് കളവ്പോകും. മയങ്ങിയാലുടൻ ഈ നമ്പറിൽ വിളിക്കുക”
ഡൽഹി വരെ ബോറടിക്കില്ല.

കൂടുതൽ വിശേഷങ്ങളുമായി ഞങ്ങളുടെ
ബാത്ത്റൂം ചുവരുകൾ കാത്തുനിൽക്കുന്നു.

സേലം, കാട്പാടി, റെനിഗുണ്ട, ഭോപ്പാൽ, ജാൻസി, ആഗ്രാ സ്റ്റേഷനുകളിൽ വാട്ടർ കൂളറുണ്ട്. മിക്കതും പ്രവർത്തിക്കുന്നവ. രണ്ടുകുപ്പിയിൽ വെള്ളം ശേഖരിച്ചുവെച്ചാൽ ഡൽഹിയിലോ, ചണ്ടിഗഡിലോ, ലുധിയാനയിലോ നേഴ്സിംഗ് പഠിക്കുന്ന സുന്ദരിക്കുട്ടികളുമായി പരിചയപ്പെടാം. വീട്ടിൽ നിന്നും ആ പാവം കുട്ടികൾക്ക് കൊടുത്തു വിട്ടിരിക്കുന്ന ഉപ്പേരി, അച്ചപ്പം,അച്ചാർ, അവിലോസുണ്ടയും ശാപ്പിട്ട് ബർത്തിൽ കയറി കിടക്കാം. അപൂർവ്വം സന്ദർഭങ്ങളിൽ അവധി കഴിഞ്ഞ് മടങ്ങിപ്പോകുന്ന പട്ടാളക്കുട്ടപ്പന്മാർ തണുത്ത വെള്ളം ചോദിക്കും. കൊടുക്കേണ്ട താമസം,തങ്കക്കുടങ്ങൾ റാഞ്ചിക്കൊണ്ടുപോകും.

പിന്നെ പാട്ടായി,സാഹിത്യ ചർച്ചകളായി
മേമ്പൊടിക്ക് മത്സ്യമാംസാദികളായി
അർദ്ധരാത്രിയോടടുപ്പിച്ച് ഫ്ളാറ്റായി കിടന്നുറങ്ങാം.

നവംബർ മുതൽ ഫെബ്രുവരി വരെയാണ് യാത്രക്ക് പറ്റിയത്. ഡീപ്പ് ഫ്രീസറിൽ കിടന്നുറങ്ങുന്ന അനുഭൂതിയാണ്. കമ്പളിക്കുള്ളിൽ പൊതിഞ്ഞു വച്ചിരിക്കുന്ന ഏതെങ്കിലും അവയവം പൈപ്പ് വെള്ളത്തിൽ തൊട്ടാൽ മതി ഒടിച്ചെടുക്കാം. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ യാത്ര ജൂൺ–ജൂലായിലാക്കിയാൽ മതി, തട്ടുകടയിലെ പറോട്ടാകല്ലിൽ കയറി ഇരുന്നാലത്തെ സുഖമാണ്.

നിസാമുദ്ദീനിൽ ചെന്നിറങ്ങിയാൽ ഹാർലി ഡേവിഡ്സണിന്റെ ഫട്ട് ഫട്ടുകളുമായി സർദാർജിമാർ കാത്തുനിൽപുണ്ടാകും. നാലു രൂപക്ക് ന്യൂ ഡൽഹി റെയിൽവേ സ്റ്റേഷന് സമീപമുള്ള ദേവി ഇന്റർനാഷണലിന്റെ മുൻപിൽ ഇറക്കും. ലോകമഹായുദ്ധത്തിനുശേഷം അമേരിക്കക്കാർ 1949 ൽ ഇൻഡ്യയിലെത്തിച്ച ഈ സെക്കൻഡ് ഹാൻഡ് ബൈക്കുകൾ ട്രെക്കുകളാക്കി, 1998 ൽ ഇവ നിരോധിക്കുന്നതുവരെ സ്വദേശികളും വിദേശികളും നാലണ മുതൽ നാലുരൂപക്ക് പട്ടണം ചുറ്റി.

നാലു മണിക്ക് ഒരു ഷാൾ പുതച്ച് പുറത്തിറങ്ങി പത്തുരൂപക്ക് ഒരു സൈക്കിൾ റിക്ഷാ ചാർട്ടർ ചെയ്താൽ ചന്ദിനീചൗക്കിന്റെ വിസ്മയത്തിനിടയിലൂടെ ജുമാ മസ്ജിദ്, റെഡ്ഫോർട്ട് ഇവയൊക്കെ കണ്ട് ഏഴു മണിയോടെ കരിംസിന്റെ മുമ്പിലെത്താം. ഹോട്ട ലിന്റെ ബോർഡ് കാണുംമുമ്പേ ബാദ്ഷാഹി ബദാം പസന്തും, തണ്ടൂരി ബുരായും, ഫിർദൗസി ഖുർമ്മയും അന്തരീക്ഷത്തിൽകൂടി ഒഴുകിവന്ന് സ്വാഗതം ചെയ്തുകൊള്ളും. ജഹാംഗിരി ഖുർമ, കുൽച്ചയും കൂട്ടി കഴിക്കാതെ പിന്നെ സമാധാനം കിട്ടുകയില്ല.

മുഗൾ രാജാക്കൻമാരുടെ പ്രധാന പാചകക്കാരായിരുന്നു ഇവരുടെ പൂർവ്വികർ. രാജ വംശം ഷെഡ്ഡിൽ കയറിയെങ്കിലും അവരുടെ കുശിനിക്കാർ മഹാരാജാക്കന്മാരായാണ് കഴി യുന്നത്. ഡൽഹിയിലെത്തുന്ന ആരും കരീംസിൽനിന്നും രണ്ടുനേരം ഭക്ഷണം കഴിക്കാതെ പോവില്ല.

അമിതാഭ്ബച്ചനും, ശശികപൂറും, രേഖയും, രാഖിയും, പ്രിയങ്കാ ചോപ്രയും, അ മീർഘാനും, ഇങ്ങനെ പൈനാപ്പിൾ പോലെ ഇരിക്കുന്നതെന്താ? "കരിംസിലെ ഫുഡാ".

രാത്രി വൈകിയും ഓടുന്ന ബസുകളിലൊന്നിൽ കയറി ന്യൂഡൽഹി സ്റ്റേഷനിലെ ത്താം. പകലും, രാത്രിയും സ്റ്റേഷൻ ലൈവാണ്. ഫ്രണ്ടിയർ മെയിൽ, ഗോൾഡൻ ടെമ്പിൾ എക്സ്പ്രസ്സ്, ഹിമസാഗർ, കൽക്കാവണ്ടികൾ തലങ്ങനെയും വിലങ്ങനെയും ഓടുന്നു. കൽക്കട്ടയെ കാഷ്മീരുമായും, കട്ടക്കിനെ അംബാലയുമായും, കന്യാകുമാരിയെ ജമ്മുവുമാ യും, ജാട്ടുകളെ–ഗുജറാത്തികളുമായും, ഠാക്കൂറിനെ–യാദവനുമായും, മറാത്തിയെ–മലയാളി യുമായി കൂട്ടിക്കുഴച്ച് അവിയൽ പരുവമാക്കുന്നു. രാത്രി മുഴുവൻ സ്റ്റേഷനിൽ വന്നുപോ കുന്ന പട്ടാളവണ്ടികൾക്കും ഉറക്കമില്ല. ഉറങ്ങുന്ന നഗരമല്ല ദില്ലി.

രാവിലെ തീ കായുന്ന ദില്ലിക്കാർക്കിടയിലൂടെ നടന്നും, ബസ് കയറിയും കണോ ട്പ്ളെയിസിൽ എത്താം. ലൂട്ടിയൻസ് എന്ന ലൂട്ടാപ്പി നിർമ്മിച്ച സർക്കിളുകളിലൊന്നിൽ നിന്നാൽ മലൈമന്ദിർ വഴിപോകുന്ന ബസിൽ കയറാം.

ചാണക്യപുരിയിൽകൂടിയാണ് ബസ് പോകുന്നത് ശാന്തിപത്, പഞ്ചശീൽ മാർഗ്ഗ്, ന്യായ മാർഗ്ഗ്, ചന്ദ്രഗുപ്ത മാർഗ്ഗ് ഒക്കെ കടക്കുമ്പോഴേക്കും നൂറ്ററുപത്തഞ്ചോളം നയതന്ത്ര കാര്യാലയങ്ങൾ കടന്നിട്ടുണ്ടാകും. ഇതിനുള്ളിൽ പ്രവർത്തിക്കുന്ന നയതന്ത്രപ്രതിനിധികൾ രാജ്യത്ത് സ്വതന്ത്രരാണ്. തന്ത്രശാലികളായ ഇവർ വൈകിട്ട് സ്കോച്ചും, വോഡ്കയും സേവിക്കുന്നവരും രസികന്മാരുമാണ്.

റയ്സ്കോഴ്സിന് പടിഞ്ഞാറായി ഏക്കറുകണക്കിന് സ്ഥലമാണ് 1950 ൽ നെഹ്രു വിദേശരാജ്യങ്ങൾക്ക് നൽകിയത്. സ്ഥലത്തിന് മൗര്യസാമ്രാജ്യത്തിന്റെ 'പുത്തി' മന്ത്രി ചാണ ക്യന്റെ പേരുമിട്ടു. അതിമനോഹരങ്ങളായ കെട്ടിടങ്ങളാണ് ഓരോ രാജ്യവും ഇവിടെ നിർമ്മി ച്ചിരിക്കുന്നത്. തന്ത്രജ്ഞൻമാർ ഈ കെട്ടിടങ്ങൾക്കുള്ളിലിരുന്ന് മന്ത്രം ജപിക്കുകയും, ഗവേ ഷണം നടത്തുകയും ചെയ്യുന്നു. ഇവരെ സഹായിക്കാൻ സാമ്പത്തിക, സൈനിക, സംസ്കാ രിക അറ്റാഷെമാർ തിരിഞ്ഞുമറിഞ്ഞുമിരുന്നും ഒറ്റക്കും, കൂട്ടായും, തലപുകക്കുന്നുണ്ടാവും.

അവർക്ക് ചായകൊടുക്കാനും, ടെലഫോൺ കോളെടുക്കാനും റീത്തഭാര്യയെയും, സോഫി യാലോറനെയും വെല്ലുന്ന കുറെപ്പേരും കാണും.

കലാ സാഹിത്യകാരികളും, സോഷ്യൽ ലേഡികളും ഈ പ്രദേശത്ത് സുലഭമാണ്. സി.ഡി.നമ്പർ പ്ളേറ്റുള്ള വിദേശ കാറുകളിലെ നിയന്ത്രിത ഊഷ്മാവിൽ സഞ്ചാരവും, പഞ്ച നക്ഷത്രഹോട്ടലുകളിൽ ശാപ്പാടും ആയതിനാൽ ലിപ്സ്റ്റിക്കിനോ മേക്കപ്പിനോ ഒരു പോറൽ പോലും ഏൽക്കില്ല.

നാടും വീടും വിട്ട് അകലെ കഴിയുന്ന നയതന്ത്രപ്രതിനിധികൾക്ക് വീട് മിസ് ചെയ്ത് ഹോംസിക്ക്നസ് പിടിപെട്ട് കിടപ്പിലാകാതിരിക്കാൻ മണിമണികൾ ചെയ്യുന്ന സേവനം ചില്ല റയല്ല. തൈത്തിരീയ ഉപനിഷത്തിൽ നിന്നും ''അതിഥി ദേവോ ഭവ'' എന്ന ഭാഗം കൗമാര ത്തിലേ ഹൃദ്യസ്ഥമാക്കിയിട്ടുണ്ട്. ഭർത്താക്കന്മാർ മിക്കവരും വൻ ഇറക്കുമതിക്കാരായി ലോക തലസ്ഥാനങ്ങളിൽ ചുറ്റിക്കറങ്ങുന്നുണ്ടാകും. എംബസിയിൽ നിന്നുള്ള ക്ലിയറൻസുക ളൊക്കെ തരുണികൾ ശരിയാക്കി കൊള്ളും.

കഥകൾ ഓർത്തിരുന്ന് മലൈമന്ദിർ മിസ് ചെയ്യരുത്. കഷ്ടിച്ച് നൂറു മീറ്ററേയുള്ളു നൈജീരിയൻ ഹൈക്കമ്മീഷനിലേക്ക്. അവിടെ മൂന്നു ഫാറങ്ങൾ ലഭിക്കും. അത് പൂരിപ്പിച്ച് പാസ്പോർട്ട്, നൈജീരീയായിലേക്കും തിരിച്ചുമുള്ള ടിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് ഇവ കൊടുത്ത് വിസ പ്രോസസിംഗ് ഫീസ് മുന്നൂറു രൂപ അടച്ച് കാത്തു നിൽക്കാം. പുറത്തിറ ങ്ങിയാൽ ഹോളിവുഡ് സിനിമയിൽ കണ്ടമാതിരി കാറുകൾ പാഞ്ഞുപോകുന്നതു കാണാം. നല്ല സ്റ്റൈലൻ സായപ്പൻമാരും, മദാമ്മമാരും, അവരുടെ കുഞ്ഞുകുട്ടികളും ഉള്ളിലുണ്ടാ വും. ജനിക്കുകയാണെങ്കിൽ സായിപ്പായി ജനിക്കണം. ഇംഗ്ളീഷിൽ രണ്ടു വാക്ക് പറയണം.

''ജനിക്കുമ്പോഴേ എൻ മകൻ ഇംഗ്ളീഷ് പഠിക്കണം
അതിനെൻ ഭാര്യ തൻ പേറങ്ങിംഗ്ളണ്ടിലാക്കി ഞാൻ''

എന്ന് കുഞ്ഞുണ്ണി എഴുതിയത് ഇതൊക്കെ കണ്ടിട്ടായിരിക്കാം.

മൂന്നു മൂന്നരയാകുമ്പോൾ ഹൈക്കമ്മീഷൻ ഫസ്റ്റ് സെക്രട്ടറിയുടെ മുറിയിലേക്ക് വിളിക്കും. ടിയാൾ ഒരു ലേഡിയും, ആറടി പൊക്കവുമാണ്. പേര് പേജു ഫഡാഹുൻസി. കണ്ണ് എക്സ്റേ എനേബിൾഡ്. തുണിക്കകത്തൂടെ ചങ്കും മനസ്സും വരെ കാണാമെന്ന് തോന്നുന്നു.

''മിസ്റ്റർ എബ്രഹാം, പ്ലീസ് കം ആൻഡ് ടേക്ക് യുവർ സീറ്റ്''

''താങ്ക് യൂ മാം''

''യാത്രയുടെ ഉദ്ദേശം''

കസേരയിൽ അല്പം മുമ്പോട്ട് കയറിയിരുന്ന്, ''ടൂറിസം''

ചിന്ന പയ്യന്റെ മുഖത്തേക്കും, ഫാറങ്ങൾ പാസ്പോർട്ട്, സർട്ടിഫിക്കറ്റ്, ടിക്കറ്റ് ഇവ അല്പസമയം പരിശോധിക്കുന്നതായി ഭാവിക്കും.

പതിയെ മുഖമുയർത്തി മാഡം ചോദിക്കും

'' ആവശ്യത്തിന് ട്രാവലേഴ്സ് ചെക്ക്, മെത്ത, കിടക്ക, സോപ്പ്, ചീപ്പ് ഒക്കെ കരുതിയി ട്ടുണ്ടോ?''

''യേസ് മാം''

എന്തോ ആലോചിച്ച് ഒരു നിമിഷം ഇരുന്നശേഷം മാഡം, ''ഡു യു ഹാവ് എനി ഫ്രൺഡ്സ് ഓർ റിലേറ്റീവ്സ് ദെയർ; ലൈക്ക് സംബഡി ടു ഗൈഡ് യു?''

''യേസ് മാം''

''വെയർ''

''ഇലിഷ്യ, ഇലോറിൻ, ബെനിൻ''

ഒരു ചെറു പുഞ്ചിരിയോടെ ഫസ്റ്റ് സെക്രട്ടറി

''നൈസ് പ്ലേസസ്''

അതിനിടയിൽ സെക്രട്ടറി എന്തൊക്കെയോ എഴുതും. എന്നിട്ട് മുഖം ഉയർത്തി

''ദെൻ സേഫ് ജേർണി ആന്റ് ഹാവ് എ നൈസ് ടൈം''

(പരിഭാഷ: ''മോനേ കുട്ടപ്പാ, ആന്റി ഇതെത്ര കണ്ടതാ. പോയി ജോലിയൊക്കെ തപ്പിപ്പിടി റിട്ടേൺ ടിക്കറ്റ് നാട്ടിൽ അയച്ച് റീഫണ്ട് വാങ്ങ്'')

''താങ്ക് യു മാം''

സെക്രട്ടറിയുടെ മുഖം ഇപ്പോൾ പ്രസന്നമാണ്.

''ഐ ഹാവ് ഗിവൺ വിസാ ഫോർ ത്രീ മന്ത്സ്. വെൽ, യൂ മേ എക്സ്റ്റെന്‍ഡ് ഇറ്റ് അപ്പ് ടു സിക്സ് മന്ത്സ് അറ്റ് എനി ഇമിഗ്രേഷൻ ഓഫീസ് ദെയർ. യൂ വിൽ ലൈക്ക് ഔവർ കൺട്രി.''

(പരിഭാഷ: ''ജോലി തപ്പാൻ നിനക്ക് ആറുമാസം വരെ തരാം. പെങ്കൊച്ചുങ്ങൾ സുന്ദരിമാരാണ്. വെറുതെ അവരുടെ പിന്നാലേ കൂടി സമയം കളയരുത്'').

''നൗ യു കാൻ കളക്ട് യുവർ പാസ്സ്പോർട്ട്, ടിക്കറ്റ് ആന്റ് സർട്ടിഫിക്കറ്റ് ഫ്രം മിസ്. കല്യാണി രാമൻ, നിയർ ദ റിസപ്ഷൻ. ടെയ്ക്ക് കെയർ''

(പരിഭാഷ: ''പാസ്സ്പോർട്ടും കിടുവടിയുമൊക്കെ പെട്ടെന്ന് വാങ്ങി സ്ഥലം വിട്ടോണം. കല്യാണി പെങ്കൊച്ചിന്റെ അടുത്ത് കൊഞ്ചിക്കുഴഞ്ഞു നില്ക്കരുത്'').

''ഓ.കെ. മാം''

യെല്ലോ ഫീവർ കുത്തിവയ്പ്പെടുത്ത് രണ്ടുമൂന്നുദിവസം കഴിഞ്ഞേ ആഫ്രിക്കയിലേക്ക് യാത്ര അനുവദിക്കൂ. അല്ലെങ്കിൽ തിരികെ വരുമ്പോൾ പ്രശ്നമാണ്. പതിനാലു ദിവസം സാന്താക്രൂസ് വിമാനത്താവളത്തിലെ ക്വാറന്റൈനിൽ കിടക്കണം.

തകർന്നടിഞ്ഞ സാമ്രാജ്യങ്ങളുടെ ശേഷിപ്പുകൾ പലതുമുള്ളതിനാൽ സമയം പോകുന്നതറിയില്ല. കുത്തബ്മിനാർ, രാജ്ഘട്ട്, ഇൻഡ്യാഗേറ്റ്, പുരാനാ ഖിലാ, നാഷണൽ മ്യൂസിയം; പത്തുദിവസം കണ്ടാലും തീരില്ല.

ജീസസ് ആൻഡ് മേരി, മിറാണ്ടാ ഹൗസ്, ലേഡി ശ്രീറാം, ഇവിടെയൊക്കെ മെറിറ്റിൽ തന്നെയാണോ പ്രവേശനമെന്ന് ആരെങ്കിലും അത്ഭുതപ്പെട്ടാൽ അത്ഭുതമില്ല. ആര്യവംശജരുടെ സൂര്യശോഭ. വല്ലാത്തൊരു കാഴ്ച തന്നെയാണ്. ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയും, സെന്റ് സ്റ്റീഫൻഡും, ഒപ്പത്തിനൊപ്പമുണ്ട്. വാവിട്ട് നോക്കി നിൽക്കരുത്. ദ്രൗപതി, നൂർജഹാൻ, ജാൻസി റാണി ഇവരുടെ ഒക്കെ വർഗ്ഗമാണ്. ഇളുക്കിന് നല്ല ചളുക്ക് കിട്ടും. വേണമെങ്കിൽ പപ്പടമാക്കും.

രാത്രി എട്ടുമണിക്ക് ഗോൾ മാർക്കറ്റിൽ പോയി ഗലീനയിൽ ഒരു സീറ്റ് പിടിക്കണം. കിട്ടിയാൽ ഭാഗ്യമാണ്. വല്യവല്യ ആളുകൾ കഴിക്കുന്ന സ്ഥലമാണ്. തണ്ടൂരി റൊട്ടി മട്ടൺ ബുരാ കൂട്ടി തന്നെ കഴിക്കണം. സീക്ക് കബാബ്, മട്ടൺ ടിക്ക, അഫ്ഗാനി ചിക്കൻ, മലായ് താങ്കി എന്തെല്ലാം വിഭവങ്ങൾ. കഴിക്കാൻ വരുന്നവർ അതിനേക്കാൾ പഷ്ട്.

ഗോറി, ഗസ്നി, ഖിൽജി, തുഗ്ളക്ക്, ബാബർ, കഴ്സൻ, ഇർവിൻ, മൗണ്ട്ബാറ്റൻ എത്രയോ സാഹസികർ ദില്ലിയിലെ സുന്ദരവസ്തുക്കൾ തേടി വന്നു. കണ്ടു, കീഴടക്കി.

ഇപ്പോഴും നാടും വീടും വിട്ട് കുറേപ്പേർ അവസരം കാത്തവിടെ ചുറ്റിത്തിരിയുന്നു.

**തോമസ് കെ എബ്രഹാം** thomaskandanattu@gmail.com